"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ്-ഓപ്പറേഷൻ വാഹിനി പദ്ധതിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം ട്രഷറി ക്യൂവിലായ ബില്ലുകൾ മാറി നല്കുന്നതിനായി എറണാകുളം ജില്ലാകളക്ടർക്ക് തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ(എ) വകുപ്പ്

സ.ഉ.(സാധാ) നം.449/2024/DMD തീയതി,തിരുവനന്തപുരം, 25-06-2024

---

പരാമർശം:-
1. സഉ(സാധാ)നം.374/2023/ഡിഎംഡി തീയതി 13/06/2023.
2. എറണാകുളം ജില്ലാകളക്ടറുടെ 04/05/2024 ലെ ഡിസിഇകെഎം/ 4256/2024-ഡി3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഓപ്പറേഷൻ വാഹിനി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ പരമാർശം(1)പ്രകാരം 4.46 കോടി രൂപ എറണാകുളം ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവായിരുന്നു.

മേൽ പ്രവൃത്തികളുടെ ബില്ലുകൾ കഴിഞ്ഞ സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചെങ്കിലും 60,18,910/- രൂപയുടെ ബില്ലുകൾ ട്രഷറി ക്യൂവിൽ ഉൾപ്പെട്ടതിനാൽ മാറി നല്കുവാൻ കഴിഞ്ഞിരുന്നില്ലായെന്നും ആയതിനാൽ മേൽ ബില്ലുകൽ മാറി നല്കുന്നതിനായി 2245-07-101-99-00-SDMF ശീർഷകത്തിൽ നിന്ന് മേൽ തുക അനുവദിക്കണമെന്ന് എറണാകുളം ജില്ലാകളക്ടർ പരമാർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓപ്പറേഷൻ വാഹിനി പദ്ധതിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ സാമ്പത്തിക വർഷം ട്രഷറി ക്യൂവിലായ ബില്ലുകൾ മാറി നല്കുന്നതിനായി 2245-07-101-99-00-SDMF ശീർഷകത്തിൽ നിന്ന് 60,18,910/- രൂപ (അറുപത് ലക്ഷത്തി പതിനെട്ടായിരത്തി തൊള്ളായിരത്തി പത്ത് രൂപ മാത്രം) എറണാകുളം ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുമുള്ള നടപടി എറണാകുളം ജില്ലാകളക്ടർ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ വി
ജോയിന്റ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം.
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
കമ്മീഷണർ, ദുരന്ത നിവാരണം.
ജില്ലാകളക്ടർ, എറണാകുളം.

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം.
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 26-06-2024 11:41:53
സെക്ഷൻ ഓഫീസർ